നമ്പർ.ഇ3. 27108/2016

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം – 33.
ഫോൺ : 0471-2302283, 2302381
ഫാക്സ് : 0471-2301190
ഇ-മെയിൽ : directorah.ker@nic.in
തിയതി : 20/10/2016.

# സർക്കുലർ

വിഷയം :- മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ്- 2016 വർഷത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും മികച്ച കർഷകർക്ക് അവാർഡ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഈ വകുപ്പിലെ 30/06/2016 - ലെ ബി2/14343/2016/ പ്ലാനിംഗ് നമ്പർ ഉത്തരവ്.

2016 വർഷത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും മികച്ച കർഷകർക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും അവാർഡ് നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. അവാർഡ് നിർണ്ണയത്തിൽ ശ്രദ്ധിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും, അപേക്ഷാ ഫോറവും ഈ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പൂരിപ്പിച്ച അപേക്ഷകൾ 10/12/2016 നു മുൻപായി ഫീൽഡ് ലവൽ ഓഫീസർമാർ ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിൽ എത്തിക്കേണ്ടതും ജില്ലാ കമ്മറ്റിയുടെ പരിശോധനാ റിപ്പോർട്ട് സഹിതം 31/12/2016 ന് മുൻപ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്.

## അവാർഡുകളുടെ വിശദ വിവരം

### സംസ്ഥാന തല അവാർഡ് (6 എണ്ണം)

1. മികച്ച ക്ഷീര കർഷകൻ - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും.
2. വാണജ്യ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഡയറി ഫാം - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും.
3. മികച്ച സമ്മിശ്ര കർഷകൻ - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും.
4. മികച്ച പൗൾട്രി കർഷകൻ - അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും.
5. മികച്ച യുവ കർഷകൻ - അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും.

(മറുപുറം)

6. വനിതാ സംരംഭക - അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും.

ജില്ല തല അവാർഡ് (ഓരോ ജില്ലയിലും രണ്ട് അവാർഡ് വീതം)

7. മികച്ച ക്ഷീര കർഷകൻ - ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവും.

8. മികച്ച സമ്മിശ്ര കർഷകൻ - പതിനായിരം രൂപയും പ്രശസ്തി പത്രവും.

അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സംസ്ഥാന തല അവാർഡുകൾ നിർണ്ണയിക്കുന്നത് സംസ്ഥാന തല അവാർഡ് കമ്മറ്റി ആയിരിക്കും.

വിശ്വസ്തതയോടെ,

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ

എല്ലാ ജില്ലാ മൃഗസംരക്ഷണ ആഫീസർമാർക്കും.
മാനേജിംഗ് ഡയറക്ടർ, മിൽമ,
ഡയറക്ടർ ക്ഷീരവികസന വകുപ്പ്,
മാനേജിംഗ് ഡയറക്ടർ, കെ. എൽ. ഡി. ബോർഡ്.

## മാർഗ്ഗനിർദ്ദേശങ്ങൾ

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് 2016 വർഷത്തിലെ ഈ മേഖലയിലെ ഏറ്റവും നല്ല കർഷകർക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും അവാർഡ് നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച ക്ഷീര കർഷകൻ, വാണിജ്യ അടിസ്ഥാനത്തിൽ മികച്ച ഡയറി ഫാം നടത്തുന്ന കർഷകൻ, കോഴി വളർത്തൽ കർഷകൻ, സമ്മിശ്ര മൃഗ പരിപാലകൻ, യുവ കർഷകൻ, വനിതാ സംരംഭക എന്നിവർക്ക് അവാർഡ് നൽകുന്നതാണ്.

ജില്ലാ തലത്തിൽ ഏറ്റവും നല്ല ക്ഷീര കർഷകനും സമ്മിശ്ര മൃഗ പരിപാലകനും അവാർഡ് നൽകുന്നതാണ്.

(എ). മികച്ച ക്ഷീര കർഷകൻ / കർഷക.

സംസ്ഥാനത്ത് 2016 കലണ്ടർ വർഷത്തിലെ ഏറ്റവും മികച്ച ക്ഷീര കർഷകനെ കണ്ടെത്തി ആദരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ അവാർഡ് അനുവദിച്ചിരിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷക്കാലമായിട്ടെങ്കിലും പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെയാണ് ഇതിനായി പരിഗണിക്കുന്നത്. കൂടുതൽ എണ്ണം പശുക്കളെ വളർത്തുന്നു എന്നതിനേക്കാൾ കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന പശുവിന്റെ ഉടമസ്ഥൻ, ശാസ്ത്രീയ പരിപാലന മുറകൾ അവലംഭിക്കുന്ന കർഷകൻ എന്നതിനായിരിക്കും മുൻഗണന നൽകുന്നത്.

താഴെ വിവരിക്കുന്ന സ്കോർ കാർഡ്, അവാർഡ് കമ്മറ്റിക്ക് പിൻതുടരാവുന്നതാണ്:-

| | | | |
|---|---|---|---|
| 1. | പാൽ ഉൽപാദനം | - | 40 മാർക്ക്. |
| 2. | ആരോഗ്യസ്ഥിതി | - | 10 മാർക്ക്. |
| 3. | ശാസ്ത്രീയ പരിപാലന മുറകൾ | - | 10 മാർക്ക്. |
| 4. | പുൽകൃഷി | - | 10 മാർക്ക്. |
| 5. | മാലിന്യ സംസ്കരണം | - | 10 മാർക്ക്. |
| 6. | യന്ത്ര വൽക്കരണം | - | 10 മാർക്ക്. |
| 7. | നൂതന ആശയങ്ങൾ | - | 05 മാർക്ക്. |
| 8. | മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ | - | 05 മാർക്ക്. |
| | **ആകെ** | - | **100 മാർക്ക്.** |

(മറുപുറം)

(ബി). വാണിജ്യ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഡയറി ഫാം നടത്തുന്ന കർഷകൻ / കർഷക.

2016 വർഷത്തിൽ വാണിജ്യ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഡയറി ഫാം നടത്തുന്ന കർഷകൻ / കർഷകയെ 'ക്ഷീരശ്രീ' എന്ന പേരിൽ അവാർഡ് നൽകി ആദരിക്കുവാൻ മൃഗ സംരക്ഷണ വകുപ്പ് ഉദ്ദേശിക്കുന്നു. വാണിജ്യ അടിസ്ഥാനത്തിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഏറ്റവും കുറഞ്ഞത് 50 കറവയുള്ള പശുക്കളെ വളർത്തുന്ന ഫാമുകളെ അവാർഡിനായി പരിഗണിക്കുന്നതാണ്. അവാർഡ് നൽകുന്നതിലേയ്ക്ക് ഫാമിലെ ആകെ പാലുൽപാദനം, കറവപശുക്കളുടെ എണ്ണം, ആരോഗ്യസ്ഥിതി, ശാസ്ത്രീയ പരിപാലന മുറകൾ, പുൽ കൃഷി, യന്ത്ര വൽക്കരണം, പാലിന്റെ വിപണന തന്ത്രങ്ങളും മൂല്യവർദ്ധിത ഉലപ്പന്നങ്ങളും, മാലിന്യ സംസ്കരണം, രേഖകൾ/രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവ പരിഗണിക്കുന്നതാണ്.

താഴെ വിവരിക്കുന്ന സ്കോർ കാർഡ് കമ്മറ്റിക്ക് പിൻതുടരാവുന്നതാണ്:-

| | | | |
|---|---|---|---|
| 1. | പശുക്കളുടെ എണ്ണം, ആരോഗ്യം, പാൽ ഉൽപാദനം. | - | 40 മാർക്ക്. |
| 2. | ശാസ്ത്രീയ പരിപാലന മുറകൾ | - | 10 മാർക്ക്. |
| 3. | പുൽകൃഷി | - | 10 മാർക്ക്. |
| 4. | യന്ത്രവൽക്കരണം | - | 10 മാർക്ക്. |
| 5. | പാൽ വിപണനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ. | - | 10 മാർക്ക്. |
| 6. | നൂതന ആശയങ്ങളുടെ നടപ്പാക്കൽ | - | 10 മാർക്ക്. |
| 7. | മാലിന്യ സംസ്കരണം | - | 10 മാർക്ക്. |
| | **ആകെ** | - | **100 മാർക്ക്.** |

(സി). മികച്ച സമ്മിശ്ര മൃഗ പരിപാലക അവാർഡ്.

മൃഗസംരക്ഷണ മേഖലയിൽ മൂന്നോ അതിൽ കൂടുതലോ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന ആളായിരിക്കണം സമ്മിശ്ര മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ തിരഞ്ഞെടുക്കപ്പെടേണ്ടത്. അടുക്കള മുറ്റത്തെ കോഴി, മത്സ്യം വളർത്തൽ എന്നിവ അവാർഡിന് ഉൾപ്പെടുത്തുന്നതല്ല. സമ്മിശ്ര മൃഗസംരക്ഷണത്തിൽ (പശു, എരുമ, ആട്, പന്നി, താറാവ്, ഇറച്ചികൊഴി, കാട, മുട്ടകോഴി) ഓരോ ഘടകത്തിൽ നിന്നുള്ള വരുമാനമാണ് പരിഗണിക്കേണ്ടത്. ഇറച്ചികോഴി വിൽപ്പന കേന്ദ്രങ്ങളെ പരിഗണിക്കില്ല.

(മറുപുറം)

മികച്ച ക്ഷീരകർഷകൻ/ കർഷക, മികച്ച സമ്മിശ്ര മൃഗ പരിപാലക അവാർഡുകൾക്ക് ജില്ലകളിൽ കുറഞ്ഞത് രണ്ടു പേരെ വിതം തിരഞ്ഞെടുക്കാൻ ശ്രദ്ധക്കേണ്ടതാണ്. ജില്ലകളിൽ നിന്ന് ശുപാർശ ചെയ്യപ്പെടുന്നവരെയാണ് സംസ്ഥാന അവാർഡ് ജേതാക്കളായി തിരഞ്ഞെടുക്കുന്നതിന് പരിഗണിക്കുക. തുടർന്ന് സംസ്ഥാന ജേതാവിന്റെ ജില്ലയിലെ രണ്ടാം സ്ഥാനക്കാരന് ജില്ലാ വിജയി പട്ടം നൽകുന്നതാണ്. ആയതിനാൽ ജില്ലാ തലത്തിൽ ഒന്നും, രണ്ടും സ്ഥാനക്കാരെ കണ്ടെത്തേണ്ടതും അവ സംസ്ഥാന അവാർഡിന്റെ പരിഗണിയ്ക്കു വേണ്ടി സമയബന്ധിതമായി തിരഞ്ഞെടുത്ത് സംസ്ഥാന തലത്തിൽ എത്തിക്കേണ്ടതുമാണ്.

(ഡി). പൗൾട്രി അവാർഡ്.

സംസ്ഥാന തലത്തിൽ മാത്രമേ അവാർഡ് പരിഗണിയ്ക്കുന്നുള്ളൂ. ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം ലഭിയ്ക്കുന്ന അപേക്ഷകരിൽ നിന്നും സംസ്ഥാന തല ജേതാവിനെ തിരഞ്ഞെടുക്കുന്നതാണ്. വീട്ടുവളപ്പിലെ കോഴിവളർത്തൽ ഈ വിഭാത്തിൽ പരിഗണിയ്ക്കുന്നതല്ല. മുട്ടക്കോഴി വളർത്തൽ ഫാമുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. ഒന്നിൽ കൂടുതൽ ഇനം പക്ഷികളുടെ ഫാമിൽ (ഇറച്ചിക്കോഴി, താറാവ്, കാട) എന്നിവ ഉണ്ടെങ്കിൽ ഇതിൽ നിന്ന് കിട്ടുന്ന മൊത്ത വരുമാനം പരിഗണിക്കേണ്ടതാണ്. എഗ്ഗർ നഴ്സറികളെ അവാർഡിന് പരിഗണിക്കാം. ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രങ്ങളെ അവാർഡിന് പരിഗണിക്കെണ്ടതില്ല.

(ഇ). യുവ കർഷകൻ /സംരംഭകൻ.

മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ധാരാളം ചെറുപ്പക്കാർ കടന്നു വരുന്നുണ്ട്. സംസ്ഥാനത്തെ ഏറ്റവും മികച്ച യുവ കർഷകന് അവാർഡ് നൽകി ആദരിക്കേണ്ടത് വകുപ്പിന്റെ ചുമതലയാണ്. ഈ മേഖലയിലെ ചെറുപ്പക്കാരായ (35 വയസിനു താഴെ) യുവതീ/യുവാക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി നടത്തുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

(എഫ്). മികച്ച വനിതാ സംരംഭക/ കർഷക.

ഈ മേഖലയിലേയ്ക്ക് കടന്നുവരുന്ന വനിതകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അവാർഡ് അനുവദിച്ചിരിക്കുന്നത്. സ്വന്തം പേരിൽ നടത്തുന്ന മൃഗസംര ക്ഷണ സംരംഭകർക്ക് അപേക്ഷിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് മുൻഗണന നൽകാവുന്നതാണ്. ഈ മേഖലയിൽ നിന്ന് ലഭിയ്ക്കുന്ന ആദായമാണ് പരിഗണിക്കേണ്ടത്.

(മറുപുറം)

പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട ഓഫീസർമാർ അവാർഡുകളെ സംബന്ധിച്ച് വ്യാപകമായി പരസ്യം നൽകേണ്ടതും ലഭിയ്ക്കുന്ന അപേക്ഷകൾ 30/11/2016 ന് മുൻപ് പഞ്ചായത്തുതല വെറ്ററിനറി ഓഫീസർമാരുടെ ശുപാർശ സഹിതം 12/12/2016 ന് മുൻപ് ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിൽ എത്തിക്കേണ്ടതും ജില്ലാ കമ്മറ്റിയുടെ പരിശോധന റിപ്പോർട്ട് സഹിതം 31/12/2016 ന് മുൻപ് ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്.

കർഷകർ പ്രാദേശിക മൃഗാശുപത്രിയിലെ വെറ്ററിനറി സർജനുമായി ബന്ധപ്പെടേണ്ടതുമാണ്. കർഷകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവാർഡുകൾ ഏർപ്പെടുത്തിയിട്ടുള്ളത്. അതിനാൽ മുൻവർഷങ്ങളിലെ സംസ്ഥാനതല അവാർഡ് ജേതാക്കളെ പരിഗണിക്കുന്നതല്ല.

മികച്ച ക്ഷീര കർഷക അവാർഡ് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും പ്രശസ്തി പത്രവും, ഫലകവും, മികച്ച വാണജ്യ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഡയറി ഫാം നടത്തുന്ന കർഷകന് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും പ്രശസ്തി പത്രവും, ഫലകവും, മികച്ച സമ്മിശ്ര മൃഗ പരിപാലക അവാർഡ് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയും പ്രശസ്തി പത്രവും, ഫലകവും, മികച്ച പൗൾട്രി അവാർഡിന് 50,000/- (ഒരു അൻപതിനായിരം രൂപ മാത്രം) രൂപയും പ്രശസ്തി പത്രവും, ഫലകവും, യുവ കർഷകന് 50,000/- (ഒരു അൻപതിനായിരം രൂപ മാത്രം) രൂപയും പ്രശസ്തി പത്രവും, ഫലകവും, മികച്ച വനിതാ സംരംഭകയ്ക്ക് 50,000/- (ഒരു അൻപതിനായിരം രൂപ മാത്രം) രൂപയും പ്രശസ്തി പത്രവും, ഫലകവും, നൽകുന്നതാണ് ഇതു കൂടാതെ ഓരോ ജില്ലകളിലേയും മികച്ച ക്ഷീര കർഷകന് 20,000/- (ഇരുപതിനായിരം രൂപ മാത്രം) മികച്ച സമ്മിശ്ര കർഷകന് 10,000/- (പതിനായിരം രൂപ മാത്രം) അവാർഡായി നൽകുന്നു.

ജില്ലാതല അവാർഡ് നിർണ്ണയ കമ്മറ്റി.

1. ജില്ലാ മൃഗസംരക്ഷണ ഓഫീസർ - ചെയർമാൻ.
2. ചീഫ് വെറ്ററിനറി ഓഫീസർ - കൺവീനർ.
3. വകുപ്പിന്റെ ജില്ലതല പബ്ളിക് റിലേഷൻ ഓഫീസർ - അംഗം.
4. ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസന വകുപ്പ് - അംഗം.
5. മിൽമയുടെ പ്രധിനിധി - അംഗം.

(മറുപുറം)

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മറ്റി.

| | | | |
|---|---|---|---|
| 1. | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ | - | ചെയർമാൻ. |
| 2. | അഡീഷണൽ ഡയറക്ടർ (എ. എച്ച് & വിജിലൻസ്) | - | കൺവീനർ. |
| 3. | പബ്ളിക് റിലേഷൻ ഓഫീസർ (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്)/ ഡെപ്യൂട്ടി ഡയറക്ടർ (ഇ) | - | അംഗം. |
| 4. | ഡയറക്ടർ ക്ഷീരവികസന വകുപ്പ് | - | അംഗം. |
| 5. | മാനേജിംഗ് ഡയറക്ടർ (കെ. എൽ. ഡി. ബി) | - | അംഗം. |
| 6. | മാനേജിംഗ് ഡയറക്ടർ (മിൽമ) | - | അംഗം. |

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ

2016

<u>സമ്മിശ്ര</u> മൃഗസംരക്ഷണ <u>അവാർഡിനായി കർഷകർ സമർപ്പിക്കേണ്ട</u>

<u>അപേക്ഷയുടെ മാതൃക</u>

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ല, ഫോൺ നമ്പർ, വയസ്) | |
| 2 | സമ്മിശ്ര മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ വിവരം | |
| | 1. മൃഗങ്ങളുടെ ഇനം :- | |
| | (എ). പശു | |
| | (ബി). ആട് | |
| | (സി). എരുമ | |
| | (ഡി). കോഴി (വീട്ടു വളപ്പിലേത് ഒഴികെ) | |
| | (ഇ). കാട | |
| | (എഫ്). താറാവ് | |
| | (ജി). പന്നി | |
| | (എച്ച്). മുയൽ | |
| | (ഐ). ടർക്കി | |
| | 2. പുൽകൃഷി | |
| | 3. ഗോബർഗ്യാസ്സ് | |
| | 4. മറ്റു മൃഗസംരക്ഷണ പ്രവർത്തനങ്ങൾ | |
| 3 | ഫാമിനെ പറ്റിയുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ | |
| 4 | ഏതെങ്കിലും കർഷക സംഘങ്ങളിൽ അംഗമാണോ, | |
| 5 | പാൽ. മുട്ട, ഇറച്ചി ഉൽപാദനവും (അളവ്- കിലോഗ്രാം), വിൽപ്പനയും (അളവ്- കിലോഗ്രാം) | |
| 6 | ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന മൃഗാശുപത്രിയുടെ പേര് | |
| 7 | സ്വന്തമായി പുൽകൃഷി നടത്താറുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം, ഏതെല്ലാം പുല്ലിനങ്ങൾ കൃഷി ചെയ്യുന്നു. | |
| 8 | ജലസേജന സൗകര്യം ഉണ്ടോ | |
| 9 | തീറ്റക്രമം സംബന്ധിച്ച വിവരം, അതിന്റെ ചെലവ് (വാർഷികം) | |

(മറുപുറം)

| | | |
|---|---|---|
| 10 | പ്രതിരോധ പ്രവർത്തനങ്ങൾ എത്ര തവണ | |
| 11 | യന്ത്രവൽക്കരണം സംബന്ധിച്ച വിവരങ്ങൾ | |
| 12 | നൂതന ആശയങ്ങൾ. | |
| 13 | മാലിന്യ സംസ്കരണങ്ങൾ എങ്ങനെ നടത്തുന്നു. | |
| 14 | വാർഷിക വരുമാനം എത്ര. | |
| 15 | എത്ര വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നു. | |

കർഷകന്റെ ഒപ്പ്
പേരും, മേൽവിലാസവും

അഭിപ്രായക്കുറിപ്പുകൾ.

വെറ്ററിനറി സർജൻ പരിശോധന റിപ്പോർട്ട്

(ഒപ്പ്)

(സീൽ)

ജില്ലാ കമ്മറ്റി ശുപാർശ: ഒപ്പ്, സീൽ

# 2016

## പൗൾട്രി അവാർഡിനായി കർഷകർ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ല, ഫോൺ നമ്പർ, വയസ്) | |
| 2 | പക്ഷികളുടെ ഇനം | |
| | (എ). കോഴി | |
| | (ബി). കാട | |
| | (സി). താറാവ് | |
| | (ഡി). ടർക്കി | |
| 3 | ഫാമിന്റെ വിശദ വിവരങ്ങൾ. | |
| 4 | അപേക്ഷ സമർപ്പിക്കുന്ന സമയത്ത് കിട്ടിക്കൊണ്ടിരിക്കുന്ന മുട്ടകളുടെ എണ്ണം. (ഇറച്ചിക്കോഴിയാണെങ്കിൽ ലഭിയ്ക്കുന്ന മാംസം). വിൽക്കുന്ന സമയത്തെ തൂക്കം. | |
| 5 | പ്രതിദിനം മുട്ട ലഭ്യത. | |
| 6 | ഒരു മാസത്തെ ആകെ ലഭിക്കുന്ന മുട്ട/ ലഭിക്കുന്ന മാംസം. | |
| 7 | (എ). ആദ്യമായി മുട്ടയിട്ട സമയം. | |
| | (ബി). അപേക്ഷ സമർപ്പിക്കുന്ന സമയത്ത് പിന്നിട്ട മുട്ടയിടൽ കാലം | |
| 8 | മുട്ട വിൽക്കുന്ന രീതി. (ഇറച്ചിക്കോഴിയാണെങ്കിൽ മാംസം. വിൽക്കുന്ന രീതി). | |
| 9 | കോഴികൾക്ക് അസുഖം വന്നിട്ടുണ്ടോ | |
| 10 | തീറ്റക്രമം സംബന്ധിച്ച വിവരം (ചെലവ്, തീറ്റയുടെ അളവ് തുടങ്ങിയവ). | |

(മറുപുറം)

| | | |
|---|---|---|
| 11 | കോഴികളിൽനിന്നും ലഭിയ്ക്കുന്ന വാർഷിക വരവ്. (മുട്ട/ മാംസം, കോഴി വളം ഉൾപ്പെടെ). | |
| 12 | പ്രതിരോധ പ്രവർത്തനങ്ങൾ എത്ര തവണ നടത്തുന്നു | |
| 13 | എത്ര വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നു. | |

കർഷകന്റെ ഒപ്പ്
പേരും, മേൽവിലാസവും

അഭിപ്രായക്കുറിപ്പുകൾ.

വെറ്ററിനറി സർജൻ പരിശോധന റിപ്പോർട്ട്

(ഒപ്പ്)

(സീൽ)

ജില്ലാ കമ്മറ്റി ശുപാർശ: ഒപ്പ്, സീൽ

2016

## മികച്ച യുവ കർഷക/ സംരംഭക അവാർഡിനായി കർഷകർ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ല, ഫോൺ നമ്പർ, വയസ്) (സർട്ടിഫിക്കറ്റ് ഹാജരാക്കണം). | |
| 2 | മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾ | |
| | (എ). ഡയറീ ഫാം | |
| | (ബി). പാൽ വിപണനം | |
| | (സി). മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിൽപനയും | |
| | (ഡി). ആട് ഫാം | |
| | (ഇ). പൗൾട്രി ഫാം | |
| | (എഫ്). തീറ്റപ്പുൽ കൃഷി | |
| 3 | മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ വിശദവിവരം/ മൃഗങ്ങളുടെ എണ്ണം | |
| | (എ). പശു. | |
| | (ബി). ആട്. | |
| | (സി). എരുമ. | |
| | (ഡി). കോഴി. (വീട്ടു വളപ്പിലേത് ഒഴികെ) | |
| | (ഇ). കാട | |
| | (എഫ്). താറാവ് | |
| | (ജി). പന്നി | |
| | (എച്ച്). മുയൽ | |
| | (ഐ). ടർക്കി | |
| 4. | പുൽകൃഷി നടത്താറുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം, ഏതെല്ലാം പുല്ലിനങ്ങൾ കൃഷി ചെയ്യുന്നു. ജലസേജന സൗകര്യം ഉണ്ടോ. | |
| 5 | മറ്റു മൃഗസംരക്ഷണ പ്രവർത്തനങ്ങൾ | |
| 6 | ഫാമിനെ പറ്റിയുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ | |

(മറുപുറം)

| | | |
|---|---|---|
| 7 | ഏതെങ്കിലും കാർഷിക ക്ഷീര സംഘങ്ങളിൽ അംഗമാണോ. ആണെങ്കിൽ അംഗ നമ്പർ. | |
| 8 | പാൽ, മുട്ട, ആട്, പന്നി, മുയൽ, ടർക്കി, താറാവ്, കോഴി, പുല്ല്, എന്നിവയുടെ വിപണനത്തിൽ ലഭിയ്ക്കുന്ന വരുമാനം | |
| 9 | ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന മൃഗാശുപത്രിയുടെ പേര് | |
| 10 | പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ. | |
| 11 | മൃഗസംരക്ഷണ മേഖല മുഖ്യ തൊഴിലാണോ. | |
| 12. | എത്ര വർഷമായി ഈ തൊഴിൽ ചെയ്യുന്നു. | |

കർഷകന്റെ ഒപ്പ്
പേരും, മേൽവിലാസവും

അഭിപ്രായക്കുറിപ്പുകൾ.

വെറ്ററിനറി സർജൻ

പരിശോധന റിപ്പോർട്ട്

(ഒപ്പ്)

(സീൽ)

ജില്ലാ കമ്മറ്റി ശുപാർശ: ഒപ്പ്, സീൽ

## 2016

**മികച്ച ക്ഷീര കർഷക അവാർഡിനായി കർഷകർ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക**

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ല, ഫോൺ നമ്പർ, വയസ്) | |
| 2 | കർഷകന്റെ ഉടമസ്ഥതയിലുള്ള ഉരുക്കളുടെ വിവരങ്ങൾ:- | |
| | (എ). പശു | |
| | (ബി). കിടാരി | |
| | (സി). കിടാവ് | |
| | (ഡി). എരുമ | |
| 3 | ഏറ്റവും മികച്ച പശു, എരുമ യുടെ വിശദ വിവരങ്ങൾ:- | |
| | (എ). ഇനം, തിരിച്ചറിയൽ നമ്പർ. | |
| | (ബി). പ്രായം ജനന തിയതി. | |
| | (സി). പാൽ ലഭ്യതയുടെ വിവരം | |
| | (ഡി). പ്രതിദിന പാൽ ലഭ്യത (ലിറ്റർ). | |
| | (ഇ). ഒരു കറവ കാലത്ത് ലഭിയ്ക്കുന്ന ആകെ പാൽ | |
| | (എഫ്). എത്രാമത്തെ പ്രസവം | |
| | (ജി). പ്രസവങ്ങൾ തമ്മിലുള്ള അകലം | |
| | (എച്ച്) എത്ര കാലമായി മേൽപറഞ്ഞ ഉരുവിനെ താങ്കൾ വളർത്തുന്നു. | |
| 4 | കറവ മാടിനെ പറ്റിയുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ | |
| 5 | നാമനിർദ്ദേശകൻ കഷീരോൽപ്പാദക സഹകരണ സംഘത്തിൽ അംഗമാണോ, ആണെങ്കിൽ സംഘത്തിന്റെ പേരും അംഗ നമ്പരും. | |
| 6 | പാൽ എങ്ങനെ വിൽപ്പന നടത്തുന്നു, വരുമാനം എത്ര, അളവെത്ര. | |

(മറുപുറം)

| | | |
|---|---|---|
| 7 | പശുവിന്റെ ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന മൃഗാശുപത്രിയുടെ പേര് | |
| 8 | സ്വന്തമായി പുൽകൃഷി നടത്താറുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം, ജലസേജന സൗകര്യം ഉണ്ടോ, ഏതെല്ലാം പുല്ലിനങ്ങൾ കൃഷി ചെയ്യുന്നു. | |
| 9 | തീറ്റ ക്രമം സംബന്ധിച്ച വിവരം, വാർഷിക ചെലവ് (കാലിത്തീറ്റ, പുല്ല്, വൈക്കോൽ ഉൾപ്പെടെ). | |
| 10 | കറവമാടിൽ നിന്നുള്ള വാർഷിക വരുമാനം (പാൽ, ചാണകം ഉൾപ്പെടെ). കണക്കുപുസ്തകം സൂക്ഷിക്കുന്നുണ്ടോ. | |
| 11 | പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വിവരങ്ങൾ | |
| 12 | യന്ത്രവൽക്കരണം സംബന്ധിച്ച വിവരങ്ങൾ | |
| 13 | ഫാമിൽ നടപ്പാക്കിയിട്ടുള്ള നൂതന ആശയങ്ങൾ. | |
| 13 | മാലിന്യ സംസ്കരണങ്ങൾ എങ്ങനെ നടക്കുന്നു. | |
| 14 | എത്രകാലമായി ഈ തൊഴിൽ ചെയ്യുന്നു. | |

കർഷകന്റെ ഒപ്പ്
പേരും, മേൽവിലാസവും

വെറ്ററിനറി സർജൻ ഏതൊക്കെ രേഖകൾ പരിശോധിച്ചു.

ശുപാർശ:

(ഒപ്പ്) (സീൽ)

കമ്മറ്റി തീരുമാനം

കമ്മിറ്റി അംഗങ്ങളുടെ ഒപ്പ്, ഔദ്യോഗിക മേൽവിലാസം.

2016

## മികച്ച വനിതാ കർഷക/ സംരംഭക അവാർഡിനായി കർഷകർ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ല, ഫോൺ നമ്പർ, വയസ്) (സർട്ടിഫിക്കറ്റ് ഹാജരാക്കണം). | |
| 2 | മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾ | |
| | (എ). ഡയറി ഫാം | |
| | (ബി). പാൽ വിപണനം | |
| | (സി).മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിൽപനയും | |
| | (ഡി). ആട് ഫാം | |
| | (ഇ). പൗൾട്രി ഫാം | |
| | (എഫ്). തീറ്റപ്പുൽ കൃഷി | |
| 3 | മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ വിശദവിവരം/ മൃഗങ്ങളുടെ എണ്ണം | |
| | (എ). പശു. | |
| | (ബി). ആട്. | |
| | (സി). എരുമ. | |
| | (ഡി). കോഴി. (വീട്ടു വളപ്പിലേത് ഒഴികെ) | |
| | (ഇ). കാട | |
| | (എഫ്). താറാവ് | |
| | (ജി). പന്നി | |
| | (എച്ച്). മുയൽ | |
| | (ഐ). ടർക്കി | |
| 4. | പുൽകൃഷി നടത്താറുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം, ഏതെല്ലാം പുല്ലിനങ്ങൾ കൃഷി ചെയ്യുന്നു. ജലസേജന സൗകര്യം ഉണ്ടോ. | |
| 5 | മറ്റു മൃഗസംരക്ഷണ പ്രവർത്തനങ്ങൾ | |
| 6 | ഫാമിനെ പറ്റിയുള്ള രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ | |

(മറുപുറം)

| | | |
|---|---|---|
| 7 | ഏതെങ്കിലും കാർഷിക ക്ഷീര സംഘങ്ങളിൽ അംഗമാണോ. ആണെങ്കിൽ അംഗ നമ്പർ. | |
| 8 | പാൽ, മുട്ട, ആട്, പന്നി, മുയൽ, ടർക്കി, താറാവ്, കോഴി, പുല്ല്, എന്നിവയുടെ വിപണനത്തിൽ ലഭിയ്ക്കുന്ന വരുമാനം | |
| 9 | ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന മൃഗാശുപത്രിയുടെ പേര് | |
| 10 | പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ. | |
| 11 | മൃഗസംരക്ഷണ മേഖല മുഖ്യ തൊഴിലാണോ. | |
| 12. | എത്ര വർഷമായി ഈ തൊഴിൽ ചെയ്യുന്നു. | |

കർഷകന്റെ ഒപ്പ്
പേരും, മേൽവിലാസവും

അഭിപ്രായക്കുറിപ്പുകൾ.

വെറ്ററിനറി സർജൻ

പരിശോധന റിപ്പോർട്ട്

(ഒപ്പ്)

(സീൽ)

ജില്ലാ കമ്മറ്റി ശുപാർശ: ഒപ്പ്, സീൽ

# മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

2016 വാണിജ്യാടിസ്ഥാനത്തിൽ മികച്ച ഡയറിഫാം നടത്തുന്ന കർഷകനുള്ള 'ക്ഷീരശ്രീ' അവാർഡിനായുള്ള അപേക്ഷയുടെ മാതൃക

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര്, പൂർണ്ണമായ മേൽ വിലാസം, ജില്ല ഫോൺ നമ്പർ സഹിതം | |
| 2. | വയസ്സ് | |
| 3. | ഫാം തുടങ്ങിയ വർഷം | |
| 4. | A) കറവപശുക്കളുടെ എണ്ണം<br>B) കിടാരികളുടെ എണ്ണം<br>C) പശുക്കുട്ടികളുടെ എണ്ണം | |
| 5. | കറവമാടുകളെക്കുറിച്ചുള്ള രജിസ്റ്ററുകൾ/രേഖകൾ എന്നിവ സൂക്ഷിക്കുന്നതിന്റെ വിവരങ്ങൾ | |
| 6. | നാമ നിർദ്ദേശങ്ങൾ ക്ഷീരോൽപാദക സഹകരണ സംഘത്തിൽ അംഗമാണോ? ആണെങ്കിൽ പേരും സംഘത്തിന്റെ അംഗനമ്പരും | |
| 7. | പ്രതിമാസ പാൽ ഉൽപാദനം | |
| 8. | പശുക്കളുടെ ചികിൽസ, പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ | |
| 9. | ഫാമിൽ നിന്നുള്ള വാർഷിക ലാഭം | |

എൻ.ബി : മേൽ വിലാസങ്ങൾ രേഖപ്പെടുത്താൻ കൂടുതൽ പേജുകൾ ഉൾപ്പെടുത്താവുന്നതാണ്.

അപേക്ഷകന്റെ ഒപ്പ് :

പേര് :

തീയതി :

വെറ്ററിനറി സർജന്റെ പരിശോധന റിപ്പോർട്ട്

ഒപ്പ്

പേര് (സീൽ)

ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ ശുപാർശ